പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : 519

24.10.2011-ൽ
മറുപടിയ്ക്കു്

## പുല്ലുമേട് ദുരന്തത്തെക്കുറിച്ച് കമ്മീഷൻ റിപ്പോർട്ട്

ചോദ്യം
ശ്രീ. വർക്കല കഹാർ
ശ്രീ. ബെന്നി ബെഹനാൻ
ശ്രീ. റ്റി.എൻ. പ്രതാപൻ
ശ്രീ. വി.ഡി. സതീശൻ

ഉത്തരം
ശ്രീ. വി.എസ്. ശിവകുമാർ
ഗതാഗതവും ദേവസ്വവും
വകുപ്പു മന്ത്രി.

(എ) പുൽമേട് ദുരന്തത്തെക്കുറിച്ച് അന്വേഷിച്ച കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കാൻ എന്തെല്ലാം നടപടികളാണ് എടുത്തിട്ടുള്ളത്;

(എ) പുല്ലുമേട് ദുരന്തത്തെ കുറിച്ച് അന്വേഷിച്ച ജസ്റ്റിസ് ഹരിഹരൻ നായർ കമ്മീഷൻെറ ഇടക്കാല റിപ്പോർട്ടിൻെറ വെളിച്ചത്തിൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും തിരുവിതാംകൂർ ദേവസ്വം ബോർഡിനെയും ഉൾപ്പെടുത്തി ഒരു യോഗം ചേരുകയും ഇടക്കാല റിപ്പോർട്ട് അംഗീകരിക്കുകയും ചെയ്തു. തീർത്ഥാടകരുടെ സുരക്ഷിതത്വം ഉറപ്പാക്കുവാനും ഭാവിയിൽ ഇത്തരം ദുരന്തങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനും അടിയന്തിര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇടക്കാല റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് 10/10/2011 -ൽ ബഹു. ധനകാര്യവും നിയമവും വകുപ്പു മന്ത്രിയുടെ അദ്ധ്യക്ഷതയിൽ പോലീസ്, റവന്യൂ, വനം, ഫയർഫോഴ്സ് തുടങ്ങിയ വകുപ്പുകളുമായി ആലോചിച്ച് തീർത്ഥാടകരുടെ സുരക്ഷയുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ശബരിമല മാസ്റ്റർ പ്ലാൻ പ്രകാരമുള്ള വികസന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താൻ ഹൈ പവർ കമ്മിറ്റിയുടെ കീഴിൽ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ബി) ഇത് നടപ്പാക്കുന്നതിന് എന്തൊക്കെ കാര്യങ്ങളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്;

(സി) റിപ്പോർട്ടിലെ ശുപാർശകൾ നടപ്പാക്കുന്നതിന്റെ

(ബി) & (സി) ശബരിമലയിലെ സുരക്ഷാ ക്രമീകരണങ്ങൾ ശക്തിപ്പെടുത്തുന്നതിനായി ഒരു സുരക്ഷാ മാന്വൽ തയ്യാറാക്കിയിട്ടുണ്ട്. തീർത്ഥാടന കാലത്ത് സുരക്ഷാ ക്രമീകരണങ്ങളുടെ ഭാഗമായി സംസ്ഥാന പോലീസിനു പുറമെ ദ്രുതകർമ്മ സേനയുടെയും, ദുരന്ത നിവാരണ സേനയുടെയും, അന്യസംസ്ഥാന പോലീസിൻെറയും സേവനങ്ങൾ ഉൾപ്പെടുത്തി സംയോജിത സുരക്ഷാ

| | |
|---|---|
| ഭാഗമായി ദേവസ്വം വകുപ്പ് മറ്റ് ബന്ധപ്പെട്ട വകുപ്പുമായി ഏകോപിച്ച് പ്രവർത്തനങ്ങൾ നടത്താൻ തയ്യാറാകുമോ? | പദ്ധതികളാണ് നടപ്പിലാക്കുന്നത്. കോഴിക്കാനം-ഉപ്പുപാറ വഴിയിൽ കൂടിയുള്ള സ്വകാര്യവാഹനങ്ങളുടെ ഗതാഗതം അനുവദിക്കുന്നതല്ല. ഉപ്പുപാറയിൽ ബാരിക്കേഡുകൾ നിർമ്മിക്കാനും Aska Light -കൾ സ്ഥാപിക്കാനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മകര വിളക്കു കാണാൻ തീർത്ഥാടകർ തിങ്ങിക്കൂടുന്ന ഉപ്പുപാറ, പാഞ്ചാലിമേട്, പരുന്തൻപാറ എന്നിവിടങ്ങളിൽ സുരക്ഷാ ക്രമീകരണങ്ങൾ മെച്ചപ്പെടുത്താൻ ജില്ലാ കളക്ടർമാർക്കും പോലീസ് സുപ്രണ്ടുമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഉപ്പുപാറയിൽ ഫയർ ആൻറ് റെസ്ക്യൂ സർവ്വീസിൻെറ സേവനം ഉറപ്പുവരുത്തുന്നതാണ്. കൂടാതെ സത്രം, പുല്ലുമേട്, പരുന്തൻപാറ, പാഞ്ചാലിമേട്, വണ്ടിപെരിയാർ എന്നി സ്ഥലങ്ങൾ ശബരിമല സീസണുമായി ബന്ധപ്പെടുത്തി ഇൻഷുറൻസ് സ്കീമിൽ ഉൾപ്പെടുത്തുന്ന കാര്യം തിരുവിതാംകൂർ ദേവസ്വം ബോർഡിൻെറ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ